# അതുല്യനായ വിപ്ലവകാരി

നഈം സിദ്ദീഖി

വിവ: പി.എ ഹമീദ്

**കേവലം ഉപദേശത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും രാഷ്ട്രീയ സമരം കൂടാതെയുള്ള വ്യക്തി സംസ്കരണത്തിലൂടെയും ഒരൊറ്റ വിപ്ലവവും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സച്ചരിതരായ ഖലീഫമാർക്കുശേഷം, കഴിഞ്ഞ പതിമൂന്ന് നൂറ്റാണ്ടുകളായി മദ്രസകളിലും പള്ളികളിലും ഉപദേശങ്ങളുടെയും പ്രഭാഷണങ്ങളുടെയും കുറവ് ഒരിക്കലും ഉണ്ടായിട്ടില്ല. വ്യക്തിസംസ്കരണത്തിന് സ്വൂഫികളും ഉലമാക്കളും ഊർജസ്വലതയോടെത്തന്നെ പരിശ്രമിച്ചു. പക്ഷേ, നിർഭാഗ്യകരമെന്നുപറയട്ടെ, പ്രവാചകന് സാധിച്ച രൂപത്തിൽ ഒരു സാമൂഹികപരിഷ്കരണം കൊണ്ടുവരാൻ ഇവർക്കാർക്കും സാധിച്ചില്ല.**

**പ്രവാചക** ജീവിതത്തിൽനിന്ന് ശരിയാം വണ്ണം പാഠമുൾക്കൊള്ളാൻ കഴിയണമെങ്കിൽ സാമൂഹിക പരിവർത്തനെത്തെക്കുറിച്ച പ്രവാചകന്റെ സങ്കൽപം എന്തായിരുന്നു എന്ന ചോദ്യത്തിന് മറുപടി ലഭിക്കേണ്ടതുണ്ട്. സാമൂഹിക ഘടനയിൽ ഭാഗികമായ മാറ്റമാണോ അതോ സമൂല പരിവർത്തനമാണോ പ്രവാചകൻ ആഗ്രഹിച്ചിരുന്നത്? പ്രവാചക ദൗത്യത്തിന് മതപരവും ധാർമികവും എന്നതിലുപരി രാഷ്ട്രീയ പ്രാധാന്യം കൂടി ഉണ്ടായിരുന്നോ? സാമൂഹിക രംഗത്ത് പ്രവാചകൻ നേടാനാഗ്രഹിച്ച ലക്ഷ്യമെന്തായിരുന്നു? ഈ ചോദ്യങ്ങൾക്ക് വിശുദ്ധ ഖുർആൻ വ്യക്തമായ ഉത്തരം നൽകുന്നുണ്ട്. പ്രവാചക ദൗത്യത്തെക്കുറിച്ച് ഖുർആൻ പറയുന്നു: 'വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി നാം പ്രവാചകന്മാരെ നിയോഗിച്ചു. അവരോടൊപ്പം വേദവും ത്രാസും (മീസാൻ) അവതരിപ്പിച്ചു. ജനങ്ങൾ നീതിയിൽ നിലകൊള്ളാൻവേണ്ടി.' (സൂറത്തുൽ ഹദീദ്: 25)

മനുഷ്യജീവിതത്തെ രൂപപ്പെടുത്തുകയും സമൂഹത്തിൽ നീതി സ്ഥാപിക്കുകയുമായിരുന്നു മുഴുവൻ പ്രവാചകന്മാരുടെയും ലക്ഷ്യമെന്ന് ഇതുകൊണ്ട് വ്യക്തമാകുന്നു.

മുഹമ്മദ് നബിയുടെ ദൗത്യം ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്: 'തന്റെ ദൂതനെ സന്മാർഗവും സത്യദീനുമായി നിയോഗിച്ചത് അല്ലാഹുവാകുന്നു. അതിനെ സകല ദീനിനെക്കാളും വിജയിപ്പിക്കുന്നതിന് – ബഹുദൈവാരാധകർക്ക് അതെത്ര അസഹ്യമായാലും ശരി.' (സൂറത്തുസ്സ്വഫ്: 90)

സാമൂഹിക പരിഷ്കരണത്തെക്കുറിച്ച് പ്രവാചകനുണ്ടായിരുന്ന കഴ്ചപ്പാട് മനസ്സിലാക്കാൻ അവിടുത്തെ ജീവിതം പരിശോധിക്കണം. ഹാശിം വംശത്തിന് തന്റെ സന്ദേശം പകർന്നുകൊടുക്കാനായി ആദ്യഘട്ടത്തിൽ അവരെ വിരുന്നിന് ക്ഷണിക്കുകയാണ് പ്രവാചകൻ ചെയ്തത്. ദൗത്യം സ്വീകരിക്കുന്നതോടെ ഇരുലോകത്തും അവരുടെ സൗഭാഗ്യം ഉറപ്പാക്കുകയും ചെയ്യും. പിന്നീടൊരിക്കൽ ഒരു ദൗത്യസംഘത്തോട് സംസാരിക്കവെ പ്രവാചകൻ ഇക്കാര്യം ആവർത്തിച്ചു പറഞ്ഞു: 'എന്റെ സന്ദേശം സ്വീകരിക്കുന്ന പക്ഷം അത് ഇരുലോകത്തും നിങ്ങൾക്ക് ഗുണം ചെയ്യും.' ജീവിതത്തിന്റെ സമ്പൂർണ പരിഷ്കരണവും സമൂഹത്തിന്റെ ഉയർച്ചയുമാണ് നന്മകൊണ്ട് വിക്ഷിക്കുന്നത്. അല്ലാതെ ഭാഗികമായ നന്മയല്ല. ഭാഗികമായ നന്മ ഏതു ദൗത്യത്തിലും ഉള്ളതാണുതാനും.

പിന്നീടൊരിക്കൽ പ്രവാചകൻ പറഞ്ഞു: 'ഒരു വാക്യം എന്നിൽനിന്ന് നിങ്ങൾ സ്വീകരിക്കുന്ന പക്ഷം അറേബ്യയും അറേബ്യക്ക് പുറത്തുള്ള ലോകവും നിങ്ങൾക്ക് അധീനപ്പെടും.'

ദൈവം ഏൽപിച്ച ദൗത്യം വിശദീകരിച്ചുകൊടുക്കുന്നവരെ തങ്ങളുടെ കൂടെ സഹവസിക്കാൻ അവസരം നൽകണമെന്ന് ഗോത്രത്തലവന്മാരോട് പ്രവാചകൻ ആവശ്യപ്പെടാറുണ്ടായിരുന്നു.

അറബികളുടെയും അനറബികളുടെയും മേൽ ആധിപത്യം നേടുകയെന്നത് ജനങ്ങൾക്കിടയിൽ സംസാരവിഷയമായ ഒന്നായിരുന്നു. ഇസ്‌ലാമിന്റെ ബാനറിനു കീഴിൽ അണിനിരന്ന അടിമകളെയും ദരിദ്രരെയും നോക്കി പരിഹാസരൂപേണ ഖുറൈശികൾ പറഞ്ഞു: 'നോക്കൂ, ഇവരാണോ അറബികളുടെയും അനറബികളുടെയും നേതൃത്വം കൊതി

ക്കുന്നത്!'

പ്രവാചകന്റെ ദൗത്യം അസാധാരണമായ ഒന്നാണെന്നും അസാധ്യമായ കഴിവുകൾ അതിനുണ്ടെന്നും പരിഹാസത്തിനിടയിലും ഖുറൈശികളിലെ ബുദ്ധിമാന്മാർ മനസ്സിലാക്കിയിരുന്നു.

## പ്രായോഗിക പ്രസ്ഥാനം

തത്വശാസ്ത്രം ഒരു മാനസിക വ്യാപാരമാണ്. അതുകൊണ്ടുതന്നെ പ്രായോഗിക ജീവിതവുമായോ ചരിത്രത്തിന്റെ ഉത്ഥാന പതനങ്ങളുമായോ ഒരു ദാർശനികന് നേർക്കുനേരെ ബന്ധമില്ല. അനുഭവങ്ങളിൽനിന്ന് ഏതാനും നിഗമനത്തിലെത്തുമെന്നല്ലാതെ, സംഭവഗതികൾ മാറ്റുന്നതിൽ അയാൾക്ക് പങ്കില്ല. മതം, (ഇന്ന് നിലവിലുള്ള പരിമിതമായ അർഥത്തിൽ) കുറച്ചുകൂടി മുമ്പോട്ടു പോകുന്നു. മനുഷ്യനെ അത് ചില വിശ്വാസകാര്യങ്ങൾ പഠിപ്പിക്കുന്നു. സമൂഹത്തിൽനിന്ന് വേർപെടുത്തിയിട്ട് വ്യക്തിക്ക് ഏതാനും ചില ധാർമിക പാഠങ്ങളും നൽകുന്നു. രാഷ്ട്രീയ അവസ്ഥയിൽ ഇടപെടുകയോ, സമൂഹത്തിൽമാറ്റം കാംക്ഷിക്കുകയോ അതതു കാലത്തെ നേതൃത്വത്തെ വെല്ലുവിളിക്കുകയോ ചെയ്യുന്നില്ല. മതത്തെക്കുറിച്ച് പഠിപ്പിക്കുന്നവൻ തന്റെ ശ്രോതാക്കൾ സ്വതന്ത്രരാണോ പാരതന്ത്ര്യം അനുഭവിക്കുന്നവരാണോ എന്നു ചിന്തിക്കുന്നില്ല. ജനങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് പോകട്ടെ, തന്റെ അധ്യാപനങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്രങ്ങൾപോലും അയാളെ അലോസരപ്പെടുത്തുന്നില്ല. രാഷ്ട്രീയ ബോധമോ നേതൃത്വത്തിനുള്ള കഴിവോ അയാൾക്കുണ്ടായിരിക്കുകയില്ല. സമൂഹത്തിന്റെ അവസ്ഥ മാറ്റണമെന്നും അയാൾക്കില്ല.

എന്നാൽ, യാഥാർഥ്യവുമായി ബന്ധമില്ലാതെ മഹത്തരമായ ഏതാനും ആശയങ്ങൾ മുന്നോട്ടുവെച്ച ദാർശനികനായിരുന്നില്ല പ്രവാചകൻ. സാമൂഹികമായ തികഞ്ഞബോധവും സമൂഹത്തെ പൂർണമായി പരിഷ്കരിക്കണമെന്ന ദൃഢനിശ്ചയവും പ്രവാചകനുണ്ടായിരുന്നു. ജീവിത ഘടനയെ അടക്കിവാഴുന്ന ശക്തിയെക്കുറിച്ച് പൂർണബോധമുണ്ടായിരുന്ന പ്രവാചകൻ അന്നത്തെ അപരിഷ്കൃത സാമൂഹിക ഘടനയെ വിമർശിക്കുകയും അതിനെ വെല്ലുവിളിക്കുകയും വരെ ചെയ്തു. ചരിത്രത്തിന്റെ ഓരോ നീക്കവും അദ്ദേഹം സസൂക്ഷ്മം പഠിച്ചിരുന്നു. ഒരു നേതാവിന്റെ ഉൾക്കാഴ്ചയോടും രാഷ്ട്രീയാവബോധത്തോടും കൂടി. താൻ ഉദ്ദേശിക്കുന്ന പരിഷ്കരണത്തെ ചുറ്റുപാടുകൾ എപ്രകാരം സ്വാധീനിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കി. ശത്രുവിന്റെ ശക്തിയുമായി സ്വന്തം ശക്തിയെ താരതമ്യം ചെയ്ത് ഏറ്റവും അനുകൂലമായ സമയത്ത് അവർക്കെതിരെ മുന്നേറാൻ പ്രവാചകന് കഴിഞ്ഞു. പൊതുജനാഭിപ്രായം സസൂക്ഷ്മം പഠിച്ച് ശത്രുക്കളുടെ പ്രചാരണത്തെ നിഷ്ഫലമാക്കാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. ശത്രുപക്ഷത്തുള്ള കവികളെയും വാഗ്മികളെയും അതേ നാണയത്തിൽ തിരിച്ചടിക്കാൻ കവികളുടെയും വാഗ്മികളുടെയും സംഘം അവിടുന്ന് രൂപീകരിച്ചിരുന്നു. സന്ദർഭം അനുകൂലമെന്നു കാണുമ്പോൾ മുന്നേറിയ പ്രവാചകൻ പ്രതികൂലാവസ്ഥയിൽ പിൻവാങ്ങാനും മടിച്ചില്ല. അനിവാര്യഘട്ടത്തിൽ യുദ്ധം ചെയ്യാൻ മടിക്കാതിരുന്നപോലെ തന്നെ സമാധാനം സാധ്യമായിടത്ത് അതിനുള്ള അവസരം പാഴാക്കിയില്ല. സർവവ്യവഹാരങ്ങളിലും ദൈവഭയം പുലർത്തിക്കൊണ്ടായിരുന്നു ഇതെല്ലാം എന്നതാണ് ഏറെ ശ്രദ്ധേയമായ കാര്യം. ഖുർആന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മുകളിൽ പറഞ്ഞ രീതിയിലുള്ള പ്രവാചകന്റെ പ്രവൃത്തികൾ പരിശോധിക്കുമ്പോഴാണ് മതവും ഒരു വ്യവസ്ഥയും തമ്മിലും, ഉദ്ബോധനവും വിപ്ലവാഹ്വാനവും തമ്മിലും, വ്യക്തിയുടെ പരിശുദ്ധിയും സാമൂഹിക പരിവർത്തനവും തമ്മിലുമുള്ള അന്തരം നമുക്ക് മനസ്സിലാകുന്നത്.

## സ്വൂഫികളല്ല: പോരാളികൾ

ഒരു പുതിയ സാമൂഹികക്രമം സ്ഥാപിക്കാൻ പുറപ്പെട്ട പ്രവാചകൻ ഇതിന് ഏറ്റവും പറ്റിയ വ്യക്തികളെയാണ് തെരഞ്ഞെടുക്കുന്നത്. അനുയായികളെ സ്വൂഫികളും ദർശവേശുകളുമാക്കി മാറ്റി സന്യാസിമഠത്തിലേക്കയക്കുകയല്ല പ്രവാചകൻ ചെയ്തത്. തിന്മയെയും അധികാരത്തിലിരിക്കുന്നവരെയും ഭയപ്പെടുന്നവരാകണം അനുയായികളെന്ന് പ്രവാചകൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ശുദ്ധഗതിക്കാരായ കേവലം ഭക്തരായിരുന്നില്ല അവർ. നിർഭയരും ബുദ്ധിമാന്മാരും ആത്മാഭിമാനികളുമായ അവിടുത്തെ അനുയായികൾ ലക്ഷ്യപ്രാപ്തിക്കായി അക്ഷീണം അധ്വാനിക്കുന്നവരായിരുന്നു. നേതൃത്വമേറ്റെടുക്കാനുള്ള കഴിവായിരുന്നു, ന്യൂനപക്ഷമായിട്ടുകൂടി അറബി ഭൂരിപക്ഷത്തെ അതിജയിക്കാൻ അവർക്ക് കരുത്തേകിയത്. ഏറ്റവും നല്ല ശിക്ഷണവും മാർഗദർശനവും ലഭിച്ച ആ സംസ്കാരസമ്പന്നർ ഒരു അജയ്യശക്തിതന്നെയായിരുന്നു. മക്കയിൽ മുസ്‌ലിം ജനസംഖ്യ കേവലം 40 മാത്രമായ സമയത്തുപോലും വർഷങ്ങളോളം ജനങ്ങളുടെ സംസാരവിഷയമാകാൻ തക്ക ചലനം സൃഷ്ടിക്കാൻ അവർക്ക് കഴിഞ്ഞു.

ഒരു സാമൂഹിക വ്യവസ്ഥ സ്ഥാപിക്കാനായി അറേബ്യമുഴുവൻ ഇസ്‌ലാം സ്വീകരിക്കുന്നതുവരെ പ്രവാചകൻ കാത്തുനിന്നില്ല. ചിന്തകളും വിശ്വാസവും സംസ്കരിക്കാനായി ജനങ്ങളെ ഉപദേശിച്ചുകൊണ്ട് കാലംകഴിക്കുക എന്ന കാഴ്ചപ്പാട് നബിക്കുണ്ടായിരുന്നില്ല. ജനങ്ങളിൽ നല്ലൊരുഭാഗം എക്കാലവും നിഷ്ക്രിയരായിരിക്കുമെന്ന ചരിത്രസത്യം പ്രവാചകന് മുമ്പിലുണ്ടായിരുന്നു. ഒരു ന്യൂനപക്ഷം മാത്രമായിരിക്കും സജീവമായി രംഗത്തുണ്ടാവുക. സജീവമായി പ്രവർത്തനരംഗത്തുള്ളവരിൽ ഒരു വിഭാഗം വിപ്ലവത്തിന്റെ വിളക്ക് കൊളുത്താൻ ഉദ്ദേശിക്കുമ്പോൾ എതിർവിഭാഗം അതിനെ തടയുന്നു. ഈ സജീവ ഘടകങ്ങൾ തമ്മിലായിരിക്കും യഥാർഥത്തിൽ സമരം നടക്കുന്നത്. നേതൃത്വം തിന്മയുടെ കരങ്ങളിലായിരിക്കുന്നിടത്തോളം പരിഷ്കരണത്തിനുള്ള ആഹ്വാനം ശ്രദ്ധിക്കാനോ ജീവിതത്തിൽ മാറ്റം വരുത്താനോ ജനങ്ങൾക്കാവുകയില്ല എന്ന ബോധം നബിക്കുണ്ടായിരുന്നു.

## ഊർജസ്വലരായ ന്യൂനപക്ഷം

സജീവമായി പ്രവർത്തനരംഗത്തുള്ളവരിൽനിന്ന് അർഹരായവരെ തെരഞ്ഞെടുത്ത് പ്രതിയോഗികൾക്കെതിരെ അണിനിരത്തുകയായിരുന്നു സ്വീകാര്യമായ ഏക മാർഗം. ഊർജസ്വലരായ ന്യൂനപക്ഷമായിരുന്നു സകല വിപ്ലവങ്ങളുടെയും കാരണക്കാരെന്നതിന് ചരിത്രം സാക്ഷിയാണ്. പരിഷ്കരിക്കാനുള്ള ഒരു വിഭാഗത്തിന്റെ ശ്രമത്തിൽ ഭൂരിപക്ഷം ആകൃഷ്ടരാവുകയും ക്രമേണ സമ്പത്തും വിഭവങ്ങളും സംഖ്യാബലവുമുള്ള ഭൂരിപക്ഷത്തെ കീഴടക്കാൻ അവർക്ക് സാധിക്കുകയും ചെയ്യുന്നു. മക്കാവിജയം ഇതിന്റെ ഉദാഹരണമാണ്. നേതൃത്വം തിന്മയുടെ കരങ്ങളിൽനിന്ന് തുടച്ചുമാറ്റപ്പെട്ടപ്പോൾ ജനങ്ങൾ സ്വമേധയാ സത്യത്തിന്റെ സന്ദേശം ശ്രദ്ധിക്കാൻ തുടങ്ങി. തിന്മയുടെ നേതൃത്വത്തിൻ കീഴിൽ ഏതെങ്കിലും വ്യവസ്ഥ വളർന്നതിന്റെ ഒരുദാഹരണം പോലും ചരിത്രത്തിൽ കാണിക്കാൻ കഴിയില്ല. അതുപോലെ കേവലം ഉപദേശത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും രാഷ്ട്രീയ സമരം കൂടാതെയുള്ള വ്യക്തി സംസ്കരണത്തിലൂടെയും ഒരൊറ്റ വിപ്ല

വവും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സച്ചരിതരായ ഖലീഫമാർക്കുശേഷം, കഴിഞ്ഞ പതിമൂന്ന് നൂറ്റാണ്ടുകളായി മദ്രസകളിലും പള്ളികളിലും ഉപദേശങ്ങളുടെയും പ്രഭാഷണങ്ങളുടെയും കുറവ് ഒരിക്കലും ഉണ്ടായിട്ടില്ല. വ്യക്തിസംസ്കരണത്തിന് സ്വൂഫികളും ഉലമാക്കളും ഊർജസ്വലതയോടെത്തന്നെ പരിശ്രമിച്ചു. പക്ഷേ, നിർഭാഗ്യകരമെന്നുപറയട്ടെ, പ്രവാചകന് സാധിച്ച രൂപത്തിൽ ഒരു സാമൂഹികപരിഷ്കരണം കൊണ്ടുവരാൻ ഇവർക്കാർക്കും സാധിച്ചില്ല. തീർച്ചയായും വിപ്ലവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ സുപ്രധാനമായ ഒരു കണ്ണി ഇവർക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. സമൂഹത്തിന്റെ പൊതുവിലുള്ള അവസ്ഥയിൽ മാറ്റത്തിനു ശ്രമിക്കാതെ വ്യക്തികളെ സമീപിക്കുന്നു എന്നതാണത്.

## സമഗ്രപരിഷ്കരണം

പ്രവാചകന് സാധിച്ച നേട്ടങ്ങളുടെ രാഷ്ട്രീയവശം നിർഭാഗ്യവശാൽ വിസ്മരിക്കപ്പെട്ടിരിക്കുകയാണ്. ഈ വശം മനസ്സിലാക്കാത്തിടത്തോളം സങ്കുചിതാർഥത്തിലുള്ള മതവും ഇസ്‌ലാമിക ക്രമത്തിന്റെ വിശാലമായ കാഴ്ചപ്പാടും തമ്മിലുള്ള വ്യത്യാസം വേർതിരിച്ചറിയാൻ സാധിക്കില്ല. പൂർണമായും സത്യത്തിലധിഷ്ഠിതമായ ഒരു സമ്പൂർണവ്യവസ്ഥയുടെ സംസ്ഥാപനാർഥമാണ് പ്രവാചകൻ നിയോഗിക്കപ്പെട്ടത്. വിശാലാർഥത്തിലുള്ള സമഗ്ര പരിഷ്കരണമാണ് പ്രവാചകൻ ഉദ്ദേശിച്ചത്. ഒരു നവസമൂഹത്തിന്റെ നിർമിതിക്കാവശ്യമായ നേതൃത്വശേഷിയും രാഷ്ട്രീയബോധവും പ്രവാചകന്നുണ്ടായിരുന്നു. ഒരു കാര്യത്തിലും പ്രവാചകന് തുല്യനായ മറ്റൊരാളില്ല. അവിടുത്തെ മഹത്തരമായ രാഷ്ട്രീയ നേതൃത്വത്തിന്റെ കാര്യത്തിലും ഇതുതന്നെയാണ് ശരി.

## സമ്പൂർണ വ്യവസ്ഥിതി

ജീവിതത്തിന്റെ സകലവശങ്ങളെയും ചൂഴ്ന്നുനിൽക്കുന്നതായിരുന്നു ഈ വ്യവസ്ഥിതി. പള്ളിയുടെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങുന്നതായിരുന്നില്ല ദൈവാരാധന. നമസ്കാരത്തിലും പ്രാർഥനകളിലും പാരായണം ചെയ്യപ്പെടുന്ന ഖുർആനായിരുന്നു കോടതി വിധികളുടെയും അടിസ്ഥാനം. വീടുകളിൽ പാലിക്കപ്പെടുന്ന ധാർമികതത്വങ്ങൾ അന്താരാഷ്ട്രബന്ധങ്ങളിലും പാലിക്കപ്പെട്ടു. മനസ്സിലെ വിശ്വാസം സമൂഹവുമായുള്ള വ്യവഹാരത്തിൽ പ്രതിഫലിച്ചു. ആയുധമേന്തിയതും പടക്കളത്തിലേക്ക് നീങ്ങിയതും ദൈവത്തിന്റെ പ്രീതി തേടിക്കൊണ്ട് മാത്രമായിരുന്നു. ജീവിതം മുഴുവൻ ദൈവിക വ്യവസ്ഥക്ക് അനുസരിച്ചുള്ള ഒരു ക്രമമായിരുന്നു പ്രവാചകൻ പഠിപ്പിച്ചത്. ജീവിതത്തിന്റെ വിവിധ തുറകളിൽ വ്യത്യസ്ത നിയമസംഹിതകൾ ഒരിക്കലും പിന്തുടർന്നിരുന്നില്ല. ചരിത്രത്തിൽ തുല്യതയില്ലാത്തവിധം ഈ വ്യവസ്ഥക്ക് കീഴിൽ മനുഷ്യ സമൂഹം പുരോഗമിച്ചതും അതിനകത്ത് പരസ്പര വൈരുധ്യം ഇല്ലാത്തതുകൊണ്ടായിരുന്നു.

## വിപ്ലവത്തിന്റെ ആത്മാവ്

ഏതു വിധത്തിൽ അധികാരത്തിൽ വന്നവരായാലും ശരി, അവരെല്ലാം തന്നെ തങ്ങൾ മനുഷ്യസമൂഹത്തിന്റെ മാർഗദർശികളും പരിഷ്കർത്താക്കളുമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചിട്ടുണ്ട്. ചരിത്രത്തിലെ ഏറ്റവും വലിയ ഒരു നിർഭാഗ്യമാണിത്. ഏതുവിധത്തിലും അവർ സമൂഹത്തെ നാശത്തിലേക്കു നയിക്കുന്നു. മനുഷ്യ പ്രകൃതിയെക്കുറിച്ച് ഇവർക്ക് പ്രാഥമിക വിവരം പോലുമില്ല. അനുഭവത്തിൽനിന്ന് പാഠമുൾക്കൊള്ളുകയോ ഉപദേശം ശ്രദ്ധിക്കുകയോ ചെയ്യാതെ സ്വേഛാനുസാരം പ്രവർത്തിക്കുന്നു. വ്യാപകമായ രീതിയിൽ മർദനമഴിച്ചുവിട്ട് ജനജീവിതത്തെ പൊറുതിമുട്ടിക്കുകയും ചെയ്യുന്നു.

മറുശത്ത്, പ്രവാചകൻ കൊണ്ടുവന്ന വിപ്ലവത്തിൽ അക്രമത്തിന്റെ അംശം പോലുമില്ല. പരസ്പര സ്നേഹവും ക്ഷേമവും മാത്രമേ അവിടെ കാണാനാവൂ. 'കാരുണ്യത്തിന്റെ പ്രവാചകൻ' എന്നാണ് ഖുർആൻ നബിയെ വിശേഷിപ്പിക്കുന്നത്. പ്രവാചകന്റെ പത്തുവർഷത്തെ മദീനാ ജീവിതം നീണ്ട ഒരു അടിയന്തരാവസ്ഥയായിരുന്നു. സർവവിധ സന്നാഹങ്ങളോടെ മൂന്നുതവണ ഖുറൈശികൾ മദീനയെ ആക്രമിച്ചു. അതിർത്തിയിൽ എപ്പോഴും കുഴപ്പങ്ങളായിരുന്നു. വിവിധ ഗോത്രങ്ങൾ പലപ്പോഴായി മദീനയെ ആക്രമിച്ചുകൊണ്ടിരുന്നു. പട്രോൾ പാർട്ടികളെയും കാവൽക്കാരെയും സജീവമായി രംഗത്ത് നിർത്തേണ്ടിയിരുന്നു. എല്ലാറ്റിനും പുറമെ ജൂതന്മാരുടെയും കപടവിശ്വാസികളുടെയും ഗൂഢതന്ത്രവും. പ്രവാചകനെ വധിച്ചുകളയാൻ വരെ ഗൂഢാലോചന നടന്നു. പക്ഷേ, ഏകാധിപത്യപരമായ രീതിയിൽ പ്രവാചകൻ അധികാരം കൈയാളിയില്ല. എമർജൻസി കോടതികൾ ആരെയെങ്കിലും തടവിലാക്കുകയോ ചാട്ടവാറു കൊണ്ടടിക്കുകയോ ചെയ്തില്ല. ദൈവിക നിയമങ്ങൾ അനുശാസിക്കുന്നത് കൂടാതെയുള്ള പിഴയോ നികുതിയോ ആരുടെ മേലും ചുമത്തിയില്ല. വിമർശന സ്വാതന്ത്ര്യം ഒരാളിൽനിന്നും എടുത്തുകളഞ്ഞില്ല. ദൗത്യം സത്യമാണെന്ന കാര്യത്തിലും സ്വന്തം വ്യക്തിത്വത്തിലും പ്രവാചകന് പൂർണ വിശ്വാസമുണ്ടായിരുന്നു. അധികാരം അനുചരന്മാരുടെമേൽ അടിച്ചേൽപ്പിച്ചില്ല അദ്ദേഹം. മറ്റുള്ളവരുടെ എതിർപ്പിനെ ക്ഷമയോടെ നേരിടുകയാണ് ചെയ്തത്. ശത്രുക്കളുടെ പോലും മനം കവർന്നത് പ്രവാചകന്റെ ഈ രീതിയിലുള്ള പെരുമാറ്റമായിരുന്നു.

ദൈവത്തോട് പ്രവാചകനുള്ള സ്നേഹം വേറൊരു രൂപത്തിലും ദൃശ്യമായിരുന്നു. ദൈവത്തെ സ്നേഹിച്ച അതേ തീവ്രതയോടെ ദൈവത്തിന്റെ സൃഷ്ടികളെയും അവിടുന്ന് സ്നേഹിച്ചു. മക്കയിൽ പ്രവാചകനെ പല്ലും നഖവുമുപയോഗിച്ച് എതിർത്തവർക്കുപോലും ക്ഷാമകാലത്ത് ഭക്ഷണസാധനങ്ങൾ നൽകി സഹായിക്കുകയാണ് അദ്ദേഹം ചെയ്തത്. ബദ്റിൽ തടവുകാരാക്കപ്പെട്ടവരുടെ കരച്ചിൽ കേട്ട ഒരു രാത്രിയിൽ അവരെ മോചിപ്പിക്കുംവരെ പ്രവാചകന് ഉറക്കം വന്നില്ല. പ്രവാചകന്റെ കൽപനപ്രകാരം ബനൂഹവാസിൻ ഗോത്രത്തിലെ 6000 പേരെയും മോചിപ്പിച്ചു. 20 വർഷം നിരന്തരം യുദ്ധം ചെയ്തവർ മക്കാവിജയത്തെത്തുടർന്ന് മുസ്‌ലിംകൾക്ക് കീഴ്പ്പെട്ടപ്പോൾ എല്ലാവർക്കും പൊതുമാപ്പ് നൽകുകയാണ് അവിടുന്ന് ചെയ്തത്. ഇത്തരം ഒരവസ്ഥയിൽ എല്ലാവർക്കും മരണശിക്ഷ വിധിക്കുമായിരുന്ന ഒരു ജേതാവിന്റെ സ്ഥാനത്ത് പ്രവാചകൻ പറഞ്ഞത് ഇതാണ്: 'നിങ്ങളുടെ മേൽ ഒരു പ്രതികാരനടപടിയുമില്ല. പോകുക, നിങ്ങൾ സ്വതന്ത്രരാണ്.' പ്രതികാര നടപടികളിലൂടെ സ്വയം നാശം വരുത്തിവെക്കുകയായിരിക്കും വിപ്ലവം ചെയ്യുന്നതെന്ന സത്യം പ്രവാചകന് അറിവുണ്ടായിരുന്നു. ഇതേ സമയം, പൊറുക്കുകയും ജനങ്ങളെ ശാന്തരാക്കുകയും ചെയ്യുന്ന വിപ്ലവത്തിന് അവരുടെ ഹൃദയങ്ങളെക്കൂടി കീഴടക്കാൻ കഴിയും. യുദ്ധാവസരത്തിൽപോലും മനുഷ്യസമൂഹത്തോടുള്ള ആദരവ് അവിടുന്ന് കാത്തുസൂക്ഷിച്ചിരുന്നു. വേറെ ഏതൊരു വിപ്ലവത്തിന് ഇത്തരത്തിലുള്ള മാതൃകകൾ സമർപ്പിക്കാൻ കഴിയും?

## പുതിയ മനുഷ്യന്റെ പിറവി

വിപ്ലവത്തിന്റെയും പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും അനേകം ഉദാഹര

ണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. പക്ഷേ, അവയെല്ലാം കേന്ദ്രീകരിച്ചത് മനുഷ്യന്റെ ബാഹ്യമായ മാറ്റത്തിൽ മാത്രമാണ്. ഉപരിതല സ്പർശിയായ ഈ പരിവർത്തനങ്ങൾ മനുഷ്യന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അമ്പേ പരാജയപ്പെട്ടു. മാനസികമായ പരിവർത്തനത്തിലൂടെ മനുഷ്യനെ ആകമാനം മാറ്റിയെടുക്കാൻ കഴിഞ്ഞതാണ് പ്രവാചകന്റെ ഏറ്റവും ശ്രദ്ധേയമായ നേട്ടം. സത്യവചനത്തിലൂടെ സ്വാർഥിയായ മനുഷ്യൻ ദൈവഭയമുള്ളവനായി പരിവർത്തിക്കപ്പെട്ടു. ഈ മനുഷ്യന്റെ വശ്യശക്തി വിസ്മയാവഹം തന്നെ! ഉമറിനെപ്പോലുള്ള മദ്യപാനിയായ ഒരു ചെറുപ്പക്കാരനിൽ എന്തൊരു മാറ്റമാണ് സംഭവിക്കുന്നത്! ഏതൊരു ഔന്നത്യത്തിലേക്കാണ് അദ്ദേഹം കുതിച്ചുയരുന്നത്! വിപ്ലവബോധം സിരകളിലൊഴുകുന്ന അബൂദർറുൽ ഗിഫാരി, സാത്വികനായ കഅ്ബുബ്നു മാലിക്, വീരാംഗനകളായ ലുബൈനയും സുമയ്യയും, പശ്ചാത്താപത്തിന്റെ പ്രതീകമായ മാഇസുബ്നു മാലിക് – ഇവരെല്ലാം ആ വശ്യശക്തിക്കടിപ്പെട്ടവരായിരുന്നു. നജ്ജാശിയുടെ കൊട്ടാരത്തിൽ ഹസ്റത്ത് ജഅ്ഫറിന് ധൈര്യം പകർന്നതും ഇറാൻകമാന്റർ – ഇൻ ചീഫിന്റെ മുമ്പിൽ നിർഭയനായി നിൽക്കാൻ രിബ്ഇയ്യുബ്നു ആമിറിന് കരുത്തേകിയതും മറ്റൊന്നുമായിരുന്നില്ല. ഈ രൂപത്തിലുള്ള വ്യക്തികളാണ് ആ സംഘടനയെ നയിച്ചത്. മദ്യം നിരോധിച്ച കൽപന കേട്ടപാടെ ചുണ്ടുകളിലേക്കുയർത്തപ്പെട്ട കോപ്പകൾ താണു. മദ്യഭരണികൾ തെരുവിലേക്കെറിയപ്പെട്ടു. തലയും മാറും മറക്കാൻ പറഞ്ഞത് കേട്ട മാത്രയിൽ സ്ത്രീകൾ അനുസരിച്ചു. ജിഹാദിനുള്ള ആഹ്വാനമുണ്ടായപ്പോൾ ഉയരക്കുറവു കൊണ്ട് അയോഗ്യരാകാതിരിക്കാൻ വേണ്ടി കുട്ടികൾ കാൽവിരലിൽ എഴുന്നേറ്റുനിന്നു. ദൈവമാർഗത്തിൽ ചെലവഴിക്കാനുള്ള ആഹ്വാനമുണ്ടായപ്പോൾ ഹസ്രത്ത് ഉസ്മാൻ സമ്പത്ത് നിറച്ച ഒട്ടകങ്ങളുടെ ഒരു നിരതന്നെ സമ്മാനിച്ചു. അബൂബക്കർ(റ) തന്റെ മുഴുവൻ സമ്പത്തും പ്രവാചകന്റെ കാൽക്കൽ വെച്ചു. ദിവസക്കൂലിക്കായി ലഭിച്ച കാരക്കയായിരുന്നു തൊഴിലാളികൾ നൽകിയത്. മുഹാജിറുകൾക്കായി അൻസാറുകൾ ചെയ്ത സേവനം ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. മാസം ഒരു ദിർഹം മാത്രമായിരുന്നു ചില ഗവർണർമാരുടെ ശമ്പളം. ചരിത്രത്തിന് നന്മയുടെ യുഗം പരിചയപ്പെടുത്തിയവരാണ് ഇവർ. കുറ്റകൃത്യങ്ങൾ ഇവർക്കിടയിൽ അപൂർവമായിരുന്നു. രഹസ്യാന്വേഷണ ഉദ്യോഗസ്ഥന്മാർ ആവശ്യമില്ലാത്ത ഒരു സമൂഹം. ജനങ്ങളുടെ മനഃസാക്ഷി മാത്രമായിരുന്നുഅവരുടെ മാർഗദർശിയും കാവൽക്കാരനും.

**ഒരു പുതിയ സാമൂഹികക്രമം സ്ഥാപിക്കാൻ പുറപ്പെട്ട പ്രവാചകൻ ഇതിന് ഏറ്റവും പറ്റിയ വ്യക്തികളെയാണ് തെരഞ്ഞെടുക്കുന്നത്. അനുയായികളെ സ്വൂഫികളും ദർശവേശുകളുമാക്കി മാറ്റി സന്യാസിമഠത്തിലേക്കയക്കുകയല്ല പ്രവാചകൻ ചെയ്തത്. തിന്മയെയും അധികാരത്തിലിരിക്കുന്നവരെയും ഭയപ്പെടുന്നവരാകണം അനുയായികളെന്ന് പ്രവാചകൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ശുദ്ധഗതിക്കാരായ കേവലം ഭക്തരായിരുന്നില്ല അവർ.**

മനുഷ്യന്റെ അകത്തും പുറത്തും ചുറ്റുപാടിലൊന്നാകെയും മാറ്റമുണ്ടാക്കിയ വിപ്ലവമാണിത്. മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ അതു വിജയിച്ചു.

### പ്രവാചകന്റെ മഹാത്യാഗം

വേറൊരു വിധത്തിലും പ്രവാചകനു സാധിച്ച വിപ്ലവം നിസ്തുലമായിരുന്നു. നിരവധി ത്യാഗങ്ങളിലൂടെയാണ് മുകളിൽ പറഞ്ഞ രീതിയിലുള്ള മാറ്റം സാധിച്ചതെങ്കിലും പ്രവാചകൻ ഒരിക്കലും അതിന് നഷ്ടപരിഹാരം പറ്റിയില്ല. നിയമപ്രകാരം തനിക്കനുവദനീയമായ പ്രതിഫലം പോലും അവിടുന്നു സ്വീകരിച്ചില്ല. അവിടുത്തെ മഹാവിജയത്തിൽ സ്വാർഥതയുടെയും ധനമോഹത്തിന്റെയും ചെറിയൊരടയാളംപോലും കാണാൻ സാധിക്കില്ല. സാമ്പത്തികവശത്തിലൂടെ ചിന്തിച്ചാൽ, നല്ല നിലയിൽ നടക്കുന്ന കച്ചവടം ഉപേക്ഷിച്ചാണ് ദൗത്യനിർവഹണത്തിന് പ്രവാചകൻ ഇറങ്ങിത്തിരിച്ചത്. വിജയം ലഭിച്ചപ്പോഴാകട്ടെ മുഴുവൻ സമ്പത്തും അനുയായികൾക്ക് വിതരണം ചെയ്യുകയാണ് അവിടുന്ന് ചെയ്തത്. ദരിദ്ര ജീവിതമാണ് അവിടുന്ന് ഇഷ്ടപ്പെട്ടത്. കുടുംബത്തിനായി സമ്പത്ത് ഉപേക്ഷിക്കാത്തതുപോലെത്തന്നെ അധികാരപിന്തുടർച്ചയും അവശേഷിപ്പിച്ചില്ല.

രാഷ്ട്രീയ വശത്തിലൂടെ നോക്കിയാൽ, എന്തെങ്കിലും പ്രത്യേക അധികാരങ്ങൾ പ്രവാചകൻ അവകാശപ്പെട്ടില്ല. ദൈവ നിർദേശത്തിലുപരിയായി ആരുടെയെങ്കിലും മേൽ അധികാരം ചെലുത്തിയില്ല. രാഷ്ട്രീയസ്ഥാനം ഉറപ്പിക്കാൻ സ്വേഛാപരമായ ഒരു നിയമവും അവിടുന്ന് പുറപ്പെടുവിച്ചില്ല. മദീനയിൽ പല വിധത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടായിട്ടുകൂടി ഏതെങ്കിലും രീതിയിലുള്ള സ്വാതന്ത്ര്യ നിഷേധമോ മർദകനിയമങ്ങളോ അവിടുന്ന് ഏർപ്പെടുത്തിയില്ല. വിമർശനത്തിനും അഭിപ്രായവ്യത്യാസത്തിനുമുള്ള പൂർണസ്വാതന്ത്ര്യം അനുവദിച്ചു. അവിടുത്തെ സുപ്രധാനമായ അഭിപ്രായങ്ങൾപോലും തള്ളിക്കളയാനുള്ള അവകാശം അനുയായികൾക്ക് നൽകി. സ്വന്തം അഭിപ്രായങ്ങൾ ഉപേക്ഷിച്ച് അനുചരന്മാരുടെ അഭിപ്രായങ്ങൾ പിന്തുടർന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ആർക്കെങ്കിലും പ്രത്യേകതരത്തിലുള്ള ഇളവ് നൽകണമെന്നാഗ്രഹിച്ചാൽ അനുചരന്മാരുടെ അനുവാദം തേടിയിരുന്നു. അബുൽ ആസി(റ)നെ തടവുകാരനാക്കി പിടിച്ച സന്ദർഭത്തിൽ അദ്ദേഹത്തെ മോചിപ്പിക്കാൻ സൈനബ്(റ) ഒരു മാല അയച്ചുകൊടുത്തു. ഈ മാല ഖദീജ(റ) സൈനബിന് പാരിതോഷികമായി നൽകിയതായിരുന്നു. ഇത് സൈനബിന് തന്നെ അവിടുന്ന് തിരിച്ചുനൽകിയത് അനുചരന്മാരോട് അനുവാദം വാങ്ങിയ ശേഷമായിരുന്നു.

സമൂഹത്തിൽ അനുചരന്മാർക്കുള്ള പദവി മാത്രമേ പ്രവാചകൻ ആഗ്രഹിച്ചുള്ളൂ. അവരെക്കാൾ സവിശേഷമായ ഒരധികാരവും അവിടുന്ന് അവകാശപ്പെട്ടില്ല. ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും കാര്യത്തിൽ ഔന്നത്യം അഭിലഷിക്കാത്ത പ്രവാചകൻ സദസ്സിൽ പ്രത്യേകമായ ഇരിപ്പിടം ഇഷ്ടപ്പെട്ടില്ല. ആദരസൂചകമായി ജനങ്ങൾ എഴുന്നേറ്റ് നിൽക്കുന്നത് അവിടുന്ന് വിലക്കി. യുദ്ധക്കളത്തിലോ യാത്രയിലോ മറ്റേതു പ്രവൃത്തിയിലോ ആകട്ടെ അനുയായികൾക്കൊപ്പം അവിടുന്ന് കഠിനാധ്വാനം ചെയ്തു. ആരോടെങ്കിലും കടം വാങ്ങിയിട്ടുണ്ടെങ്കിൽ അത് തിരിച്ചുചോദിക്കാൻ അനുയായികളെ അദ്ദേഹം നിർബന്ധിച്ചു. സ്വന്തം ശരീരം അവരുടെ മുമ്പിൽ പ്രദർശിപ്പിച്ചുകൊണ്ട് താനാരോടെങ്കിലും വല്ല തെറ്റും ചെയ്തിട്ടുണ്ടെങ്കിൽ അതിനു പകരം ചോദിക്കാൻ അവർക്ക് അനുമതി നൽകി. ഇതായിരുന്നു പ്രവാചകന്റെ ഉദാത്ത മാതൃക. ●